# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025 -26**

**ജി.എം.എൽ. പി സ്കൂൾ പുത്തലം**

അരീക്കോട്സബ് ജില്ല - മലപ്പുറം ജില്ല

# ജി.എം.എൽ. പി സ്കൂൾ പുത്തലം

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 -26

### ആമുഖം

മലപ്പുറം ജില്ലയിൽ അരീക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് പുത്തലം ജി.എം.എൽ.പി സ്കൂൾ. പാഠ്യ പാഠ്യേതര രംഗത്ത് സബ് ജില്ലയിൽ മികവ് പുലർത്തി പോരുന്ന ഒരു വിദ്യാലയമാണിത്.

സബ് ജില്ലയിൽ 150 താഴെ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം ഇന്ന് ക്രമേണ ഉയർച്ചയിലേക്ക് സഞ്ചരിക്കുകയാണ്. കഴിഞ്ഞവർഷം എൽ.എസ്.എസ് പരീക്ഷയിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 50% വിജയം കൈവരിക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. ഒന്ന് രണ്ട് വർഷങ്ങൾ കൊണ്ട് 150 ൽ പരം വിദ്യാർത്ഥികൾ സ്കൂളിൽ എത്തിച്ചേരുമെന്ന് ശുഭപ്രതീക്ഷ ഇവിടത്തെ പി.ടി. എ യ്ക്കും അധ്യാപകർക്കും നാട്ടുകാർക്കും ഉണ്ട് .

ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടു വരുന്നു അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും കൂട്ടായ്മ വിദ്യാലയത്തിന്റെ ഉയർച്ചയ്ക്ക് അനിവാര്യമെന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെട്ടു കഴിഞ്ഞു .

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാകായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.

സ്കൂൾ രൂപം കൊടുത്ത വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങൾ ആയി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിനുള്ള ഉദ്യമത്തിൽ ആണ് ഇവിടുത്തെ അധ്യാപകരും രക്ഷിതാക്കളും .

**അക്കാദമിക  മികവിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

**<u>വികസന ലക്ഷ്യങ്ങൾ</u>**

1- ഭാഷാശേഷി വികസനം
2- ഗണിത ശേഷി  വികസനം
3- ഇംഗ്ലീഷ് പഠനം ആയാസകരമാക്കൽ
4- വായനാശേഷി വർദ്ധിപ്പിക്കൽ
5- ശാസ്ത്ര പരിപോഷണ പരിപാടി
6- ജൈവവൈവിധ്യ പാർക്ക് നിർമ്മാണം
7- എൽ എസ് എസ് പരിശീലനം
8- പഠന യാത്രകൾ/ ഫീൽഡ് ട്രിപ്പുകൾ
9- അധ്യാപക ശാക്തീകരണം- സ്കൂൾ എസ്.ആർ.ജി തലം
10- പ്രവർത്തി പരിചയ  പരിശീലനം- കുട്ടികൾക്ക്/ രക്ഷിതാക്കൾക്ക്
11- പച്ചക്കറിത്തോട്ടം ഒരുക്കൽ
12- പ്രഭാത ഭക്ഷണം
13- സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
14- ദിനാചരണങ്ങൾ ലിങ്കിംഗ്
15- കായിക ശേഷി വികസനം
16- ജന്മദിന സമ്മാനങ്ങൾ(പുസ്തകരൂപത്തിൽ)
17- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
18-സാമൂഹ്യപങ്കാളിത്തം കാര്യക്ഷമമാക്കൽ
19- സ്വയം പര്യാപ്ത ക്ലാസ് മുറി
20-  ഡിജിറ്റലൈസ്ഡ് ക്ലാസ് മുറികൾ
21- പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ
22- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കാര്യക്ഷമമാക്കൽ
23- പഠന വിടവ് നികത്തൽ
24- നവമാധ്യമങ്ങൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തൽ

## പ്രവർത്തനങ്ങൾ വിശദാംശങ്ങൾ

**ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം.   പ്രവർത്തനം : ഭാഷാശേഷി വികസനം (ഇംഗ്ലീഷ്)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് വികസിപ്പിക്കൽ. | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br>2. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസിനും ചുമതല.<br>3. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്.<br>4. ന്യൂസ് റീഡിങ് | 1. ദിവസവും<br>2. ആഴ്ചയിൽ ഒരു ദിവസം<br>3. വർഷത്തിൽ മൂന്ന് മാസം<br>4. ദിവസവും | 1. ക്ലാസ് ടീച്ചർ<br>2. എസ് ആർ ജി<br>3. എസ് ആർ ജി &Hm<br>4. ഇംഗ്ലീഷ് ക്ലബ്ബ്. | 10000(PTA) |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മകശേഷി വികസിപ്പിക്കൽ. | ദിനംപ്രതി ഇംഗ്ലീഷ് ഡയറി എഴുതിപ്പിക്കൽ, കഥ എഴുതൽ, വിവരണം. | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പാഠഭാഗങ്ങളെ വ്യത്യസ്ത രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ. | റോൾപ്ലേ റീഡേഴ്സ് തിയേറ്റർ | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ | 1) റീഡിങ് കാർഡ്<br><br>2) ലൈബ്രറി ബുക്ക് | Daily<br><br>ആഴ്ചയിൽ | ക്ലാസ് ലൈബ്രേറിയൻ / ക്ലാസ് ടീച്ചർ | |
| കുട്ടികളുടെ രചനകൾ/ പ്രവർത്തനങ്ങൾ സ്കൂൾ വിക്കിയിലേക്ക് | സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യൽ | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ/ സ്കൂൾ ഐടി വിദഗ്ധൻ | |

**ഉപ മേഖല : മലയാളം ഭാഷ പഠനം.   പ്രവർത്തനം : ഭാഷാശേഷി വികസനം (മലയാളം)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസം വായിക്കാനുള്ള ശേഷി വികസനം | പ്രവർത്തനം<br>1) അമ്മ പറയട്ടെ ( കുട്ടിക്കഥകൾ അമ്മമാർ പറയുന്നു)<br>2) വായനാ കാർഡ്<br>3) ബാല പ്രസിദ്ധീകരണങ്ങൾ<br>4) ലൈബ്രറി പുസ്തകങ്ങൾ<br>5) പത്രമൂല<br>6) വായനാ കൂട്ടം രൂപീകരണം<br>7) വായനാക്കൂട്ടം സ്കൂൾതലത്തിൽ<br>8) വായനോത്സവം<br>9) റീഡേഴ്സ് തിയേറ്റർ | ഒരു വർഷം നീളുന്ന പ്രവർത്തനങ്ങൾ | ചുമതല<br>എസ് ആർ ജി / ക്ലാസ് അധ്യാപകർ | 5000 (PTA) |

| | | | | |
|---|---|---|---|---|
| മലയാളം അക്ഷര തെറ്റില്ലാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ പ്രവർത്തനങ്ങൾ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4) വാക്യ നിർമ്മാണം | ഒരു വർഷം നീളുന്ന പ്രവർത്തനങ്ങൾ | എസ് ആർ ജി / ക്ലാസ് അധ്യാപകർ | |
| പത്രവായന പരിപോഷിപ്പിക്കൽ | 1) പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ നേടുന്നു<br>2) ഓരോ ക്ലാസ്സിനും ഓരോ പത്രം<br>3) മോണിംഗ് ന്യൂസ് റീഡിങ്( പ്രധാന വാർത്തകളുടെ അവതരണം)<br>4) പത്ര ക്വിസ് | ജൂൺ മുതൽ എല്ലാ ദിവസവും<br><br>ആഴ്ചയിൽ ഒരു ദിവസം | പിടിഎ / സന്നദ്ധ സംഘടനകൾ / ക്ലബ്ബുകൾ<br>അതത് ക്ലാസ് ടീച്ചർ<br>എസ് ആർ ജി/ ക്ലാസ് ടീച്ചർ | |

**ഉപമേഖല: ഗണിതം     പ്രവർത്തനം: ഗണിതശേഷി വികസനം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ (ചതുഷ്ക്രിയകൾ) | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നൽകുന്നു. അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു ( ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തണം) | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നു | പ്രീ ടെസ്റ്റ്<br><br>അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തൽ<br><br>ചോദ്യാവലി നിർമ്മാണം | മെയ് ജൂൺ ആസൂത്രണം | എസ്. ആർ ജി കൺവീനർ, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | റിസൾട്ട് രേഖപ്പെടുത്തൽ<br>പരിഹാര പ്രവർത്തനങ്ങൾ<br>വർക്ക് ഷീറ്റുകൾ<br>രക്ഷിതാക്കൾക്ക്<br>ക്ലാസുകൾ | | | |
| ഗണിതത്തോടുള്ള താല്പര്യവും ചിന്താശേഷിയും വർദ്ധിപ്പിക്കുക( പസിൽ കോർണർ ) | പസിൽ വർക്ക് ഷീറ്റുകൾ<br>ഗണിത മോഡലുകൾ | ആഴ്ചയിൽ ഒന്ന് എന്ന ക്രമത്തിൽ | ക്ലാസ് ടീച്ചർ | |
| ഗണിത പഠനോപകരണ പ്രദർശനം | പഠനോപകരണ നിർമ്മാണ വർക്ക് ഷോപ്പ് | ഒക്ടോബർ നവംബർ | ഗണിത ക്ലബ്ബ് / ടീച്ചർ | |

## ഉപമേഖല : പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല: | സാമ്പത്തികം : |
|---|---|---|---|---|
| പ്രവർത്തി പരിചയ പരിശീലനം | പ്രവർത്തി പരിചയത്തിൽ താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി പരിശീലനം നൽകുന്നു ഇതിനായി വിദഗ്ധരുടെ സേവനമു ഉപയോഗപ്പെടുത്തുന്നു | വർഷത്തിൽ ഒരു മാസം | SRG | **5000/-**(പിടിഎ) |

## ഉപമേഖല : കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| അഭിരുചിയുള്ളവർക്ക് പരിശീലനം | * പാട്ടരങ്ങ്<br>* പാവ നാടകം<br>* റോൾപ്ലെ<br>* നാടൻ പാട്ട്<br>* ചിത്രീകരണം<br>* കടങ്കഥ<br>* ശില്പശാലകൾ | വർഷത്തിൽ ഒരു മാസം | SRG/HM | |

## ഉപമേഖല: കായിക വിദ്യാഭ്യാസം

| ലക്ഷ്യം: | പ്രവർത്തനം: | കാലം | ചുമതല : | |
|---|---|---|---|---|
| കുട്ടികളിലെ കായികശേഷി കണ്ടെത്തി മികവിലെത്തിക്കൽ | കായിക രംഗത്ത് മികവുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുക. | വൈകീട്ട് | തെരഞ്ഞെടുത്ത അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ | |

## ഉപമേഖല:ഹൈടെക്ക് ക്ലാസ്സ് മുറികൾ

| ലക്ഷ്യം: | പ്രവർത്തനം: | കാലം | ചുമതല: | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി ക്ലാസ്സ് മുറികൾ ഹൈടെക് രീതിയിലേക്ക് മാറ്റിയെടുക്കുക. | പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, LSGD , ബാങ്കുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ മൂന്ന് ക്ലാസ് മുറികളെങ്കിലുംഹൈടെക് രൂപത്തിലേക്ക് മാറ്റുക. ഇതിനായുള്ള ഇടപെടലുകൾ PTA, SMC , SS S തുടങ്ങിയ സമിതികൾ നടത്തും. | 2 വർഷം | PTA, SMC,SSS, പൂർവ്വ വിദ്യാർത്ഥികൾ | LSD. ബേങ്കുകൾ |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വികസിപ്പിക്കൽ | പരീക്ഷണക്കളരി - ലഘു പരീക്ഷണങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു (വിദ്യാലയ പഠനോത്സവത്തിൽ) | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് കോർണർ/ ക്ലബ്ബ് ചാർജ്ജുള്ള ടീച്ചർ | |
| 1)സ്കൂൾ ശാസ്ത്രമേള 2) ചാർട്ടുകൾ തയ്യാറാക്കൽ 3) പ്രദർശനം | കുട്ടികൾ കണ്ടെത്തിയ ലഘുപരീക്ഷണങ്ങൾ സ്കൂൾതലത്തിൽ അവതരിപ്പിക്കുന്നു. മികച്ചവ തെരഞ്ഞെടുക്കുന്നു. സബ്ജില്ലാ ശാസ്ത്രമേള പരിശീലനം | ഒന്നാം ടേമിന് മുമ്പ് | സയൻസ് ക്ലബ്ബ് / കോർണർ, ചാർജുള്ള അധ്യാപിക | |
| ശാസ്ത്ര കോർണർ വിപുലീകരണം | ക്ലാസുകളിൽ സാധ്യമായ പരീക്ഷണങ്ങൾക്കുള്ള ഉപകരണങ്ങൾ ഉറപ്പുവരുത്തുക | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് / കോർണർ, ചാർജുള്ള ടീച്ചർ | |

## ഉപമേഖല : പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം: | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്താൻ (പച്ചക്കറിത്തോട്ടം) | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | വർഷം മുഴുവൻ | സയൻസ് ക്ലബ്,SRG, MPTA, PTA | 5000 PTA |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധത്തോട്ട നിർമ്മാണം | വർഷം മുഴുവൻ | സയൻസ് ക്ലബ്, MPTA, PTA, അധ്യാപകർ | PTA 2500 |

## ഉപ മേഖല : കലാ പരിപോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗവാസന കളെ കണ്ടെത്തി പരിപോഷിപ്പി ക്കൽ | അഭിനയം, കഥാരചന, കവിതാ രചന, കവിതാലാപനം എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുന്നു. ബാലസഭാ പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ, വിദ്യാരംഗം ചാർജുള്ള അധ്യാപിക | |

## ഉപമേഖല: ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | എസ് ആർ ജി ക്ലാസ് അധ്യാപകർ | |

## ഉപമേഖല: സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് എൽഎസ്എസ് സ്കോളർഷിപ്പുകൾ ലഭ്യമാക്കൽ | നാലാം തരത്തിലെ എല്ലാ കുട്ടികളെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് ചിട്ടയായ പ്രവർത്തനങ്ങൾ നൽകി എൽഎസ്എസ് വിജയം ഉറപ്പുവരുത്തുക. | അഞ്ചു മാസം | അധ്യാപകർ /റിസോഴ്സ് അധ്യാപകർ, രക്ഷിതാക്കൾ | പിടിഎ |

## ഉപമേഖല: അക്കാദമികം-സാമൂഹികം (CPTA യോഗങ്ങൾ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും തങ്ങളുടെ കുട്ടികളുടെ മികവ് പോരായ്മകൾ ഇവ തിരിച്ചറിയുക. മുന്നോട്ടെത്തിക്കുന്നതിന് സഹകരണം ഉറപ്പ് വരുത്തുക. | CPTA യോഗങ്ങൾ കാര്യക്ഷമമാക്കുക. കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠന തെളിവുകൾ ബോധ്യപ്പെടുത്തുന്നു | ടേമിൽ 1 എന്ന ക്രമത്തിൽ | ഓരോ ക്ലാസ്സിലെയും ടീച്ചേഴ്സ് | Refreshment (PTA ) |

## ഉപമേഖല: അക്കാദമികം-സാമൂഹിക ം PTA യോഗങ്ങൾ (corner PTA )

| ലക്ഷ്യം | പ്രവർത്തനം: | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക PTA രൂപീകരിക്കൽ അക്കാദമിക കാര്യങ്ങൾ പങ്കുവയ്ക്കൽ , സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പു വരുത്തൽ | എഴുത്ത് , വായന എന്നിവ മെച്ചപ്പെടുത്തുന്നതിന് കുട്ടികളുടെ രക്ഷിതാക്കളെ പ്രാദേശികമായി തിരിച്ച്പി.ടി.എ യോഗങ്ങൾ ചേരുന്നു | വർഷത്തിൽ മൂന്ന് തവണ | PTA / SRG / MTA അധ്യാപകർ | Refreshment(PTA) |

# ജി.എം.എൽ. പി സ്കൂൾ പുത്തലം

## അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾ നേടിയ അറബി ഭാഷയിലെ ശേഷികൾ അറിയുന്നതിന് | പ്രീ- ടെസ്റ്റ് :ഒന്നു മുതൽ നാലു വരെ കുട്ടികൾ നേടേണ്ട ഭാഷാശേഷി കൾക്ക് അനുസൃതമായി ചോദ്യങ്ങൾ തയ്യാറാക്കുന്നു മൂല്യനിർണയം നടത്തി ഫലം ക്രോഡീകരിക്കുന്നു | ജൂൺ ആദ്യ ആഴ്ച | അറബി അധ്യാപകൻ | |
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനും ഉള്ള കഴിവ് ആർജിക്കൽ | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പരിശീലനത്തിലൂടെ ഉയർത്തി കൊണ്ടുവരും അക്ഷര പഠന സഹായി ഇതിനായി ഉപയോഗിക്കും കൂടാതെ അക്ഷര കാർഡുകൾ ഐസിടി ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും | അധ്യായന വർഷം ആരംഭത്തിലെ മൂന്ന് മാസം | അറബി അധ്യാപകൻ | |
| അറബി ഭാഷ ശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ പാഠപുസ്തകങ്ങളിൽ ഉള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മത്സര ബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക | പാഠപുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽനിന്നും കണ്ടെത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ഭാഷ ആഭിമുഖ്യം വായനാ താല്പര്യം പൊതു വിജ്ഞാനം തുടങ്ങിയ വർദ്ധിപ്പിക്കൽ | വായനാ മത്സരം സംഘടിപ്പിക്കുന്നു പൊതുവിജ്ഞാനം അറബിഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുള്ള ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കും | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |
| അറബി ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദനിർമാണം പദപ്പയറ്റ് അറബി പ്രസംഗം തുടങ്ങിയ മത്സ പരിശീലനത്തിലുള്ള പ്രവർത്തനം | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |
| എല്ലാ കുട്ടികൾക്കും അറബി വായിക്കാനും എഴുതാനും പ്രാപ്തമാക്കൽ | എല്ലാ കുട്ടികൾക്കും അറബി വായിക്കാനും എഴുതാനും പ്രാപ്തമാക്കാൻ വിദ്യാലയത്തിൽ ഉള്ള സാധനസാമഗ്രികളും സ്ഥലങ്ങളിലും സാധ്യമായതിൽ അറബി പേര് പതിക്കുക. അറബിയിൽ കുട്ടികളുടെ പേരെഴുതിയ സ്റ്റിക്കർ അവരുടെ ക്ലാസ്സിൽ പതിക്കുക | ആഗസ്റ്റ് | SRG | |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ | കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ ഓരോ ദിനാചരണത്തിന് ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും തൽസംബന്ധമായ ക്വിസ്മത്സരം സംഘടിപ്പിക്കുകയും ചെയ്യും പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകും | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |
| അറബി ഭാഷാ പഠനത്തിൽ IT സാധ്യത ഉപയോഗപ്പെടുത്താൻ ഉള്ള പ്രാഥമികഘട്ടത്തിന് തുടക്കംകുറിക്കൽ | അറബിക് ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ് റൂം അറബിയിലുള്ള ബാലസാഹിത്യ ശേഖരണം തുടങ്ങിയവയിലുള്ള പരിശീലനം. കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിംഗിനായികീ ബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും | ജൂൺ മുതൽ മാർച്ച് വരെ | S.R.G | |
| അറബിഭാഷ യോടുള്ള ഭയം ഇല്ലാതാക്കൽ ഭാഷയോടുള്ള താല്പര്യം വർധിപ്പിക്കൽ | ഒഴിവുസമയങ്ങളിൽ അറബി ഭാഷയിലുള്ള കഥകൾ , ഷോർട്ട് ഫിലിമുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |

## ഉപസംഹാരം

പുത്തലം ഗവൺമെന്റ് എൽ പി സ്കൂളിന്റെ 2025- 26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തയ്യാറാക്കിയിട്ടുള്ളതാണ്. കുട്ടിയുടെ എല്ലാ മേഖലകളിലും ഉള്ള കഴിവ് വികസിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ ഒരു പരിധിവരെ കഴിയും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും വിദ്യാഭ്യാസ തൽപരരുടെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് സാധിക്കും എന്ന ഉത്തമ വിശ്വാസത്തിലാണ് ഞങ്ങൾ.